**15U647** (Pages: 2) Name: ……………………

Reg. No……………………

## SIXTH SEMESTER B.A. DEGREE EXAMINATION, MARCH 2018

(CUCBCSS-UG)

## CC15U MAL6 B11 - MALAYALA KAVITHA POORVAGHATTOM

Time: Three Hours | Malayalam - Core Course | Maximum: 80 Marks

(2015 Admission)

**I ഓരോ ചോദ്യത്തിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

1. രാമചരിതത്തിൽ എത്ര പടലങ്ങളുണ്ട്?
2. ദ്രാവിഡ സംഘാതാക്ഷരങ്ങൾ എത്രയെണ്ണമുണ്ട്?
3. തിരുനിഴൽമാലയുടെ കർത്താവാര്?
4. പ്രാചീന മണിപ്രവാളത്തിലെ ആദ്യകൃതി ഏത്?
5. ഉണ്ണുനീലി സന്ദേശത്തിലെ സന്ദേശഹരൻ ആര്?
6. വഞ്ചിപ്പാട്ടു വൃത്തം എന്നറിയപ്പെടുന്നത്?
7. "ഉണ്ണികൃഷ്ണൻ മനസ്സിൽക്കളിക്കുമ്പോൾ
   ഉണ്ണികൾ വേറെ വേണമോ മക്കളായ് !" ആരുടെ വരികൾ?
8. നളചരിതത്തിലെ കഥാവസ്തു മഹാഭാരതത്തിലെ ഏതുപർവ്വത്തിൽനിന്ന് എടുത്തതാണ്?
9. ഭാഷാരാമായണം ചമ്പുവിന്റെ കർത്താവാര്?
10. ആരാനും പോന്നുവരുന്നതിൻമുമ്പിലേ കാരിയമായതുസാധിക്കണം' - ആരുടെ വാക്കുകൾ?

**(10 x ½ = 5 Marks)**

**II ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11. 'ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-
    ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ' - സന്ദർഭമെന്ത്?
12. "വേലികൾ തന്നെ വിളവുമുടിച്ചാൽ
    കാലികളെന്തു നടന്നീടുന്നു" - ഇത്തരം വാക്കുകൾ ആരുടേതാണ്?
13. "പേർത്തങ്ങോട്ടു ചെല്ലുകയും, കഷ്ടം! വഴിക്കണ്ണുംതോർത്തു
    കാത്തിരിക്കും പത്നിയോടെന്തുരചെയ്യേണ്ടൂ"- ആരുടെ സങ്കടമാണിത്?
14. സത്രാജിത്തിന്റെ രത്നം നഷ്ടപ്പെട്ടതെങ്ങനെ?
15. മണിപ്രവാളം എന്നാൽ എന്ത് ?

**(5 x 2 = 10 Marks)**

**III ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക.**

16. പാട്ട് എന്നാൽ എന്ത്? ഉദാഹരണസഹിതം വിശദീകരിക്കുക.
17. ബാഹുകനും കേശിനിയും തമ്മിലുണ്ടായ സംവാദത്തിന് നളചരിതത്തിന്റെ പരിണാമഗുപ്തിയിലുള്ള പ്രസക്തി എന്ത്?
18. 'കണ്ടാലൊട്ടറിയുന്നു ചിലരിതു
    കണ്ടാലും തിരിയാചിലർക്കേതുമേ'- എന്താണ്?
19. പ്രാചീനചമ്പുക്കളും മധ്യകാല ചമ്പുക്കളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
20. ചാരന്മാരുടെ വാക്കിൽ നിന്ന്, രാവണൻ ഗ്രഹിച്ചെടുക്കുന്ന രാമസേനയുടെ ചിത്രം എപ്രകാരമുള്ളതാണ്?
21. "തേൻമാവിന്മേൽ പരഭൃതകുലം ഭൃംഗമാലാപലാശേ
    മാരൻകൂരമ്പുള്ള ചുഴലവും ചെമ്പകക്കാവുതോറും
    തെന്റൽകന്റുണ്ടിനിയ ബകുളേ കിംശുകേ കിംശുകാളീ
    നാളീകത്താർ നളിനിയിലവന്നെങ്ങു നോക്കാവുതന്റ്" വ്യാഖ്യാനിക്കുക.

22. എമ്പ്രാനല്പം കട്ടുഭുജിച്ചാൽ അമ്പലവാസികളൊക്കെക്കക്കും' - നമ്പ്യാരുടെ സാമൂഹിക വിമർശനത്തിന്റെ സ്വഭാവമെന്തെന്നു വിശദീകരിക്കുക.

**(5 x 5 = 25 Marks)**

**IV ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക.**

23. എഴുത്തച്ഛന്റെ രചനാസവിശേഷതകളെ അദ്ധ്യാത്മരാമായണത്തിലെ ലക്ഷ്മണോപദേശത്തെ മുൻനിർത്തി വിശദീകരിക്കുക.
24. ജ്ഞാനപ്പാനയുടെ ദാർശനികഭാവവും ഭാഷാലാളിത്യവും വൈരുദ്ധ്യമില്ലാതെ പൊരുത്തപ്പെടുന്നു - ശരിയോ? സ്വാഭിപ്രായം സ്ഥാപിയ്ക്കുക.
25. നളചരിതം ആട്ടകഥാപ്രസ്ഥാനത്തിൽ ഒറ്റപ്പെട്ട ഒരു ദ്വീപായിരിക്കുന്നത് എങ്ങനെ?
26. മലയാളത്തിന്റെ ഭാഷാപരിണാമത്തിൽ കൃഷ്ണഗാഥയ്ക്കുള്ള പ്രാധാന്യം ചർച്ചചെയ്യുക.
27. മലയാളസാഹിത്യത്തിൽ മണിപ്രവാളപ്രസ്ഥാനത്തിനുള്ള പ്രാധാന്യം ഉണ്ണുനീലി സന്ദേശത്തെ മുൻനിർത്തി വിശദീകരിക്കുക.
28. കാല്പനികതയുടെ ആദ്യ അടയാളങ്ങൾ കുചേലവൃത്തം വഞ്ചിപ്പാട്ടിലുണ്ട് എന്നു പറയാം. ശരിയോ? ചർച്ച ചെയ്യുക.

**(4 x 10 = 40 Marks)**

*******